(ബി) പ്രസ്തുത ജില്ലയിലെ ജനസംഖ്യാ ബാഹുല്യം കണക്കിലെടുത്ത് സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ കൂടുതൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) മലപ്പുറം ജില്ലയിൽ സപ്ലൈകോയുടെ പെരിന്തൽമണ്ണ ഡിപ്പോയുടെ കീഴിൽ സഞ്ചരിക്കുന്ന ഒരു മാവേലി സ്റ്റോർ പ്രവർത്തിക്കുന്നുണ്ട്.

(ബി) നിലവിലെ സാഹചര്യത്തിൽ മലപ്പുറം ജില്ലയിൽ പുതിയതായി സഞ്ചരിക്കുന്ന മാവേലി സ്റ്റോർ ആരംഭിക്കുന്ന കാര്യം പരിഗണനയിലില്ല. സപ്ലൈകോയുടെ സഞ്ചരിക്കുന്ന മാവേലിസ്റ്റോർ എന്ന പദ്ധതി പ്രധാനമായും പിന്നോക്ക മലയോര പ്രദേശങ്ങൾ, ആദിവാസി മേഖലകൾ, തീരദേശ മേഖലകൾ തുടങ്ങിയ ഭൂമിശാസ്ത്രപരമായും സാമൂഹ്യപരമായും പിന്നാക്കം നിൽക്കുന്ന മേഖലകളിലെ ജനങ്ങൾക്ക് അവശ്യസാധനങ്ങൾ ന്യായവിലയ്ക്ക് എത്തിക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് നടപ്പിൽ വരുത്തുന്നത്.

## സബ്സിഡി നൽകുന്ന ഭക്ഷ്യവസ്തുക്കൾ

337 (341) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലി സ്റ്റോറുകളിലൂടെ വിതരണം ചെയ്യുന്ന ഏതൊക്കെ സാധനങ്ങൾക്കാണ് സബ്സിഡി നൽകുന്നതെന്ന് വിശദീകരിക്കാമോ;

(ബി) സാധനങ്ങൾക്ക് പൊതുമാർക്കറ്റിനേക്കാളും വിലകൂട്ടി മാവേലിസ്റ്റോർ വഴി വില്പന നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ചെറുപയർ, ഉഴുന്ന് (ബോൾ), വൻകടല, തുവരപ്പരിപ്പ്, വൻപയർ, വെളിച്ചെണ്ണ, മുളക്, മല്ലി, പഞ്ചസാര, പച്ചരി, മട്ട അരി, ജയ അരി, കുറുവ അരി, ഒ.എം.എസ്.എസ്. പുഴുക്കലരി, ഒ.എം.എസ്.എസ്. പച്ചരി, ആന്ധ്ര ഇതര ജയ അരി എന്നീ സാധനങ്ങളാണ് സബ്സിഡി നിരക്കിൽ മാവേലി സ്റ്റോറുകളിലൂടെ വിതരണം ചെയ്യുന്നത്.

(ബി) ഇല്ല. പൊതുവിപണിയേക്കാളും കുറഞ്ഞ വിലയിലാണ് സപ്ലൈകോയിൽനിന്നും എല്ലാ സാധനങ്ങളും വിൽപ്പന നടത്തിവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly